ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ശാസ്ത്ര-സാങ്കേതിക മേഖലയിലെ മികവിനുള്ള രാഷ്ട്രീയ വിഗ്യാൻ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു.

**President Droupadi Murmu today conferred Rashtriya Vigyan Puraskar 2024 to renowned and distinguished scientists at Rashtrapati Bhavan.**

2) ദ്വിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്കുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും.

**Prime Minister Narendra Modi to hold delegation level talks with his Polish counterpart Donald Tusk in Warsaw today**

3) കൊൽക്കത്തയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട കേസിന്റെ തത് സ്ഥിതി റിപ്പോർട്ട് സി.ബി.ഐ സുപ്രീംകോടതിയിൽ സമർപ്പിച്ചു.

**CBI submitted the status report of Kolkata rape-murder case in Supreme Court today.**

4) ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പൂർണരൂപം മുദ്ര വച്ച കവറിൽ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി ഹൈക്കോടതി.

**Kerala High Court directed the State Government to submit the entire form of Hema committee report in Sealed cover before the court.**

5) ഐക്യരാഷ്ട്ര രക്ഷാ സമിതിയിലെ സ്ഥിരാംഗത്വം വിപുലീകരിക്കണമെന്ന നിലപാട് അന്താരാഷ്ട്ര വേദിയിൽ ആവർത്തിച്ച് ഇന്ത്യ.

**India has called for discrediting those opposing the expansion of the permanent membership of the United Nations Security Council and denying Africa's rightful place.**

.

&&&&&&&&&&&&&&&&&&

## HEADLINE-1

**PRESIDENT AWARD**

ശാസ്ത്ര-സാങ്കേതിക മേഖലയിലെ മികവിന് രാജ്യം നൽകുന്ന പരമോന്നത അംഗീകാരമായ രാഷ്ട്രീയ വിഗ്യാൻ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ജേതാക്കൾ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. ചന്ദ്രയാൻ - 3 ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച ISROയിലെ ശാസ്ത്രജ്ഞർക്കാണ് ഇത്തവണത്തെ വിഗ്യാൻ ടീം പുരസ്കാരം. Vigyan Ratna അവാർഡ് I.I.S.T മുൻ ഡയറക്ടർ പ്രൊഫ. ജി പത്മനാഭന് സമ്മാനിച്ചു. തിരുവനന്തപുരം CSIR ലെ ശാസ്ത്രജ്ഞൻ ഡോ.അനന്തരാമകൃഷ്ണൻ വിഗ്യാൻ ശ്രീ പുരസ്കാരം നേടി. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്, ISRO ചെയർമാൻ എസ്.സോമനാഥ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

&&&&&&&&&&&&&&&&&&

## HEADLINE-2

**PM-POLAND VISIT intro**

*ദ്വിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്കുമായി വാർസയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തും. സമകാലിക പ്രധാന്യമുള്ള നിരവധി വിഷയങ്ങൾ നേതാക്കൾ ചർച്ച ചെയ്യും. ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും നേതാക്കൾ ആശയങ്ങൾ പങ്കുവക്കും. പോളണ്ട് പ്രസിഡൻറ് ആന്ദ്രേ ഡൂഡയുമായും ശ്രീ മോദി ഇന്ന് കൂടിക്കാഴ്ച നടത്തുന്നുണ്ട്. പോളണ്ടിലെ ഇന്ത്യൻ സമൂഹത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.*

***വിശദാംശങ്ങളിലേക്ക്...***

***VO***

***ലോകരാജ്യങ്ങളുമായി അടുപ്പം കാത്തുസൂക്ഷിക്കുകയെന്ന നയമാണ് ഇന്ത്യയ്ക്കുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി . യുദ്ധത്തിന് പകരം, ചർച്ചകൾക്കും, നയതന്ത്രത്തിനും പ്രാധാന്യം നൽകുന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളത്. സമാധാനത്തിനായി നിലകൊള്ളുന്ന ഇന്ത്യയെ ലോകം വിശ്വബന്ധുവായാണ് കാണുന്നതെന്നും പോളണ്ടിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവേ ശ്രീ മോദി പറഞ്ഞു. രണ്ട് ദിവസത്തെ പര്യടനത്തിനായി ഇന്നലെ വൈകുന്നേരം പോളണ്ടിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. 45 വർഷങ്ങൾക്ക് ശേഷമാണ്***

***ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. പോളിഷ് വ്യാപാര പ്രമുഖരുമായും, പ്രശസ്ത വ്യക്തികളുമായും ശ്രീ മോദി ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നാളെ യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി ചർച്ച നടത്തും. 1992നു ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി യുക്രെയ്ൻ സന്ദർശിക്കുന്നത്. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കുന്നത് സംബന്ധിച്ച അഭിപ്രായങ്ങൾ ശ്രീ മോദി സെലൻസ്കിയുമായി പങ്കുവയ്ക്കും.***

***ന്യൂസ് ഡസ്ക്, ആകാശവാണി***

&&&&&&&&&&&&&&&&&&

**HEADLINE-3**

**KOLKATHA**

കൊൽക്കത്ത മെഡിക്കൽ കോളേജിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട സമൂഹ മാധ്യമ പോസ്റ്റുകളിൽ സുപ്രീംകോടതി നിർദ്ദേശം കർശനമായി പാലിക്കണമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഐ.റ്റി മന്ത്രാലയം. കൊല്ലപ്പെട്ട വ്യക്തിയുടെ പേര്, ഫോട്ടോ, വീഡിയോ തുടങ്ങിയവ ഉപയോഗിക്കുന്നത് സുപ്രീംകോടതി കർശനമായി വിലക്കിയിരുന്നു. ഇത് പാലിക്കാത്തവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി. അതേസമയം കേസന്വേഷണത്തിൻറെ തത്സ്ഥിതി റിപ്പോർട്ട് സി.ബി.ഐ ഇന്ന്

സുപ്രീംകോടതിയിൽ സമർപ്പിച്ചു. കേസിൽ സുപ്രീംകോടതിയിൽ വാദം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

**HEADLINE-4**

**HC – HEMA COMMITTEE REPORT**

ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് കേരള സർക്കാർ നിലപാട് വ്യക്തമാക്കണമെന്ന് ഹൈക്കോടതി. റിപ്പോർട്ടിലുള്ളത് ഗുരുതര കണ്ടെത്തലുകളാണെന്നും കോടതി നിരീക്ഷിച്ചു. ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികൾക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണമെന്ന പൊതുതാൽപര്യ ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. റിപ്പോർട്ടിന്റെ പൂർണ്ണ രൂപം മുദ്രവച്ച കവറിൽ സമർപ്പിക്കണമെന്ന് ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകി. ഹർജിയിൽ വനിതാ കമ്മീഷനെ കോടതി കക്ഷി ചേർത്തു.

&&&&&&&&&&&&&&&&&&

**L.MURUGAN**

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ ഇന്ന് കരുനാഗപ്പള്ളിയിലെ മാതാ അമൃതാനന്ദമയി മഠം സന്ദർശിക്കും. നാഗർകോവിലിലെ അമൃത സർവ്വകലാശാല ക്യാമ്പസിന്റെ ഉദ്ഘാടന ചടങ്ങിലും അദ്ദേഹം ഇന്ന് പങ്കെടുത്തിരുന്നു. ഇന്ന് വൈകുന്നേരത്തോടെ തിരുവനന്തപുരത്ത് എത്തുന്ന മന്ത്രി നാളെ ന്യൂഡൽഹിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

**MUNDAKKAYAM**

വയനാട് - മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിനെ കുറിച്ച് പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധസംഘം ഇന്ന് റിപ്പോർട്ട് സമർപ്പിക്കും. ഭൗമശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള സംഘമാണ് റിപ്പോർട്ട് കൈമാറുന്നത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ദുരന്തമേഖലയിലെ തുടർ പ്രവർത്തനങ്ങൾ.

&&&&&&&&&&&&&&&&&&

## BOMB THREAT

മുംബൈ - തിരുവനന്തപുരം വിമാനത്തിലെ ബോംബ് ഭീഷണി വ്യാജമാണെന്ന് പോലീസ്. ബോംബ് ഭീഷണിയെ തുടർന്ന് വിമാനം ഇന്ന് രാവിലെ അടിയന്തരമായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറക്കിയിരുന്നു. . പൈലറ്റിന് ലഭിച്ച ഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വിമാനം നിലത്തിറക്കിയത്. 137 യാത്രക്കാരെയും സുരക്ഷിതരായി പുറത്ത് എത്തിച്ച ശേഷം നടത്തിയ പരിശോധനയിൽ ബോംബ് ഭീഷണി ഇല്ല എന്ന് സ്ഥിരീകരിക്കുകയായിരുന്നു. ഫോൺ സന്ദേശത്തിന്റെ ഉറവിടത്തെ കുറിച്ച് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് ഈ ഞായറാഴ്ച രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 113 ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും നമോ ആപ്പ്, MyGov പ്ലാറ്റ് ഫോം, ടോൾ ഫ്രീ നമ്പരായ 1800-11-7800 എന്നിവയിലൂടെ നാളെ വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## AAKASHVANI

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75 ആം വാർഷികത്തോടനുബന്ധിച്ചുള്ള 'പോഷക ബലം പ്രാണ ബലം ' സെമിനാർ തിരുവനന്തപുരത്ത് ഇന്ന് നടന്നു.

വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ പ്രശസ്ത സാഹിത്യകാരി റോസ് മേരി സെമിനാർ ഉദ്ഘാടനം ചെയ്തു.

ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി ശിവകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&&&&

**NATIONAL SPACE DAY**

പ്രഥമ ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടി രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ഉദ്ഘാടനം ചെയ്യും.കഴിഞ്ഞ വർഷം ഓഗസ്റ്റ് 23-ന് ചന്ദ്രയാൻ-3 ദൗത്യത്തിലൂടെ ചന്ദ്രൻറെ ദക്ഷിണ ധ്രുവത്തിൽ വിക്രം ലാൻഡർ ഇറക്കിയതിന്റെ സ്മരണയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. രാജ്യമെമ്പാടും വിപുലമായ ആഘോഷ പരിപാടികളാണ് ദേശീയ ബഹിരാകാശ ദിനത്തോട് അനുബന്ധിച്ച് നാളെ നടക്കുന്നത്.

&&&&&&&&&&&&&&&&&&

**HEADLINE-5**

**INDIA-UNSC**

ഐക്യരാഷ്ട്ര രക്ഷാ സമിതിയിലെ സ്ഥിരാംഗത്വം കൂടുതൽ രാജ്യങ്ങൾത്ത് നൽകുന്നതിന് നേർക്കുള്ള എതിർപ്പുകൾ തള്ളിക്കളയണമെന്ന് ഇന്ത്യ. ആഫ്രിക്കയ്ക്ക് അർഹമായ സ്ഥാനം രക്ഷാ സമിതിയിൽ നിഷേധിക്കുന്നത് ശരിയല്ലെന്നും ഇന്ത്യ നിലപാട് വ്യക്തമാക്കി. സിയേറ ലിയോണിൻറെ നേതൃത്വത്തിൽ സമാധാനം വിഷയമാക്കി നടന്ന ഉന്നതതല ചർച്ചയിലാണ് ഇന്ത്യൻ നയതന്ത്ര പ്രതിനിധി ആർ. രവീന്ദ്ര ഇക്കാര്യം വ്യക്തമാക്കിയത്. ആഫ്രിക്കയ്ക്ക് രക്ഷാസമിതിയിൽ രണ്ട് സ്ഥിരം സീറ്റുകൾ നൽകുന്നതിനെ ഇന്ത്യ പിന്തുണയ്ക്കുന്നതായും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

**AP - REACTOR EXPLOSION**

ആന്ധ്രാപ്രദേശിലെ അനകപ്പള്ളിയിൽ മരുന്ന് നിർമാണ കമ്പനിയിലെ റിയാക്ടർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 17 ആയി. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയ നേതാക്കൾ ദുഃഖം രേഖപ്പെടുത്തി. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും

ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. അപകടത്തെ കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമെന്നും അനാസ്ഥ കണ്ടെത്തിയാൽ ഫാക്ടറി മാനേജ്മെൻ്റിനെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ആന്ധ്ര മുഖ്യമന്ത്രി എൻ.ചന്ദ്രബാബു നായിഡു അറിയിച്ചു.

&&&&&&&&&&&&&&&&&&

## KHELO INDIA ASMITA

ഖേലോ ഇന്ത്യ അസ്മിത യോഗാസന ലീഗിന് ഇന്ന് ബീഹാറിലെ പട്നയിൽ തുടക്കം. മൂന്ന് ദിവസത്തെ പരിപാടിയിൽ ബീഹാർ, ജാർഖണ്ഡ്, അസം, മേഘാലയ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള 500 വനിതാ താരങ്ങൾ പങ്കെടുക്കുന്നുണ്ട്. യോഗാസന ലീഗിന് ശനിയാഴ്ച സമാപനമാകും.

&&&&&&&&&&&&&&&&&&

## ASSAM- MUSLIM MARRIAGE BILL

അസമിലെ മുസ്ലിം സമുദായങ്ങൾക്കിടയിൽ പ്രായപൂർത്തി എത്തുന്നതിനു മുൻപ് പ്രത്യേക വ്യവസ്ഥകൾ പ്രകാരം വിവാഹങ്ങൾ അനുവദിക്കുന്ന 1935 ലെ നിയമം റദ്ദാക്കുന്ന ബില്ലിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി. അസമിലെ പെൺകുട്ടികൾക്ക് നീതി ഉറപ്പാക്കാനുള്ള സുപ്രധാന നടപടിയാണ് ഈ തീരുമാനമെന്ന് മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ പറഞ്ഞു. ബിൽ അടുത്ത സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കും.

&&&&&&&&&&&&&&&&&&

## ISRAEL PM- TROOP

ഹമാസുമായുള്ള വെടിനിർത്തൽ കരാറിൻ്റെ ഭാഗമായി ഗാസ-ഈജിപ്ത് അതിർത്തിയിലെ സൈനികരെ പിൻവലിക്കാൻ സമ്മതിച്ചെന്ന വാർത്ത ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻ്റെ ഓഫീസ് നിഷേധിച്ചു. ഗാസ മുനമ്പിനും ഈജിപ്തിനും ഇടയിലുള്ള പ്രധാന അതിർത്തി പ്രദേശമായ ഫിലാഡൽഫി ഇടനാഴിയിൽ നിന്ന് ഇസ്രായേൽ സൈന്യത്തെ പിൻവലിക്കാൻ സമ്മതിച്ചതായി തിങ്കളാഴ്ച യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കെൻ പ്രഖ്യാപിച്ചിരുന്നു .ഇതിന് പിന്നാലെയാണ് ഇസ്രായേലിന്റെ പ്രതികരണം .

&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 199 പോയിന്റ് ഉയർന്ന് 81,104 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 57 പോയിന്റ് നേട്ടത്തിൽ 24,828 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 53,440 രൂപയും ഗ്രാമിന് 30 രൂപ കുറഞ്ഞ് 6,680 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**IMD- RAIN**

രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിൽ അടുത്ത നാല് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ബീഹാർ, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ്, ഗുജറാത്ത്, കൊങ്കൺ, ഗോവ എന്നിവിടങ്ങളിൽ കനത്ത മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. ന്യൂനമർദ്ദത്തിന്റെ ഫലമായി അസം, മേഘാലയ, ത്രിപുര എന്നിവിടങ്ങളിൽ അടുത്ത 24 മണിക്കൂറിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ട്. തുടർച്ചയായി പെയ്യുന്ന മഴയിൽ ത്രിപുരയുടെ വിവിധ ഭാഗങ്ങൾ വെള്ളത്തിനടിയിലായി. ഗോമതി, മുഹൂരി തുടങ്ങിയ പ്രധാന നദികളിലെ ജലനിരപ്പ് ഉയർന്നു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&